ഭരണഭാഷ-മാതൃഭാഷ

നമ്പർ.എൽ.ആർ.(കെ2)-20628/2013

**ലാൻഡ് റവന്യൂ കമ്മിഷണറുടെ കാര്യാലയം,**
പബ്ളിക് ഓഫീസ് ബിൽഡിംഗ്സ്, തിരുവനന്തപുരം-33.
തീയതി 06.01.2014

# സർക്കുലർ

വിഷയം - ഭൂമിയുടെ വിസ്തീർണ്ണം റിപ്പോർട്ടു ചെയ്യുന്നത് -അംഗീകൃത യൂണിറ്റുകൾ രേഖപ്പെടുത്തണമെന്ന കർശന നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്.

വായന- 1) The Standards of Weights and Measures Act, 1976 (Act No.60 of 1976)
2) The Standards of Weights and Measures (Enforcement) Act, 1985 (Act No.54 of 1985)
3) The Standards of Weights and Measures (General) Rules, 1987
4) The Kerala Standards of Weights and Measures (Enforcement) Rules, 1992.

----------------------------

ഒന്നാം സൂചന ആക്ടിലെ 4-ാം വകുപ്പു പ്രകാരം മെട്രിക് സിസ്റ്റം അനുസരിച്ചുള്ള അളവുതൂക്കങ്ങളാണ് ഇൻഡ്യയിൽ പ്രാബല്യത്തിലുള്ളത്. മെട്രിക് സിസ്റ്റം അനുസരിച്ച് ഭൂമിയുടെ വിസ്തൃതി ഹെക്ടർ, ആർ, ചതുരശ്രമീറ്റർ എന്നീ യൂണിറ്റുകളിലാണ് രേഖപ്പെടുത്തിവരുന്നത്.

2. ഒന്നാം സൂചന ആക്ടിലെ 21-ാം വകുപ്പു പ്രകാരം അംഗീകൃതമല്ലാത്ത അളവു തൂക്ക യൂണിറ്റുകൾ അംഗീകൃത യൂണിറ്റുകൾ എന്നപോലെ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്. അംഗീകൃതമല്ലാത്ത അളവു തൂക്ക യൂണിറ്റുകൾ ഉപയോഗിക്കുന്നത് 50-ാം വകുപ്പ് പ്രകാരം തടവു ശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷകൾ ലഭിക്കാവുന്ന കുറ്റമാണ്. ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് മറ്റേതെങ്കിലും യൂണിറ്റുകളിൽ അളവുകൾ രേഖപ്പെടുത്തി വന്നിട്ടുള്ള രേഖകളിൽ ആക്ടിലെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള നിരക്കിൽ ആ യൂണിറ്റുകൾ പരിവർത്തനം (Convert) ചെയ്തു രേഖപ്പെടുത്തേണ്ടതാണെന്ന് 79-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വന്നശേഷം യാതൊരു രേഖകളും അംഗീകൃതമല്ലാത്ത യൂണിറ്റുകളിൽ തയ്യാറാക്കാൻ പാടില്ല എന്നും 80-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അംഗീകൃത അളവുതൂക്കങ്ങൾ മാത്രം പ്രചാരത്തിൽ വരുത്തുവാൻ എല്ലാ സംസ്ഥാന സർക്കാരുകളോടും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

3. ഭൂമിയുടെ വിസ്തൃതി രേഖപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ വകുപ്പിൽ മെട്രിക് സിസ്റ്റത്തിലുള്ള ഹെക്ടർ, ആർ, ചതുരശ്രമീറ്റർ എന്നീ യൂണിറ്റുകളാണ് ഉപയോഗിച്ചു വരുന്നത്. മേൽപറഞ്ഞ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നിലവിലിരുന്ന ഏക്കർ-സെന്റ് എന്ന യൂണിറ്റ് പ്രസ്തുത ആക്ടിലെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള പ്രകാരം **'ഒരു ഏക്കർ = 4046.8561 ചതുരശ്രമീറ്റർ'** എന്ന നിരക്കിൽ പരിവർത്തനം ചെയ്തു രേഖപ്പെടുത്തുന്ന രീതിയാണ് നിലവിൽ അനുവർത്തിച്ചുവരുന്നത്.

**4.** വകുപ്പു തലത്തിലേക്ക് ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ചില ഉദ്യോഗസ്ഥർ ഭൂവിസ്തൃതി നിയമവിരുദ്ധമായി അംഗീകൃതമല്ലാത്ത യൂണിറ്റുകളിൽ രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

**5.** **മേൽ പറഞ്ഞ നിയമവ്യവസ്ഥകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട്, ഭരണനിർവഹണപരമായ എല്ലാ നടപടികളിലും ഭൂമിയുടെ വിസ്തീർണ്ണം അംഗീകൃത യൂണിറ്റുകളിൽ തന്നെ രേഖപ്പെടുത്തേണ്ടതാണെന്ന് ലാൻഡ് റവന്യു വകുപ്പിലെ എല്ലാ ജീവനക്കാർക്കും കർശന നിർദ്ദേശം നൽകുന്നു.**

**6.** ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തുവാൻ അതാത് ഓഫീസ് മേലധികാരികളും, ജില്ലാ കളക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**കമ്മിഷണർ**

എല്ലാ ജില്ലാ കളക്ടർമാർക്കും.

പകർപ്പ്- 1) സെക്രട്ടറി, റവന്യൂ(എൽ) വകുപ്പ് (ആമുഖക്കത്ത് സഹിതം)
2) ജോയിന്റ് കമ്മിഷണർ ലാൻഡ് റവന്യൂ/സെക്രട്ടറി, ലാൻഡ് ബോർഡ്.
3) ഡയറക്ടർ, ഐ.എൽ .ഡി.എം.. തിരുവനന്തപുരം.
4) എല്ലാ അസിസ്റ്റന്റ് കമ്മിഷണർമാർക്കും.
5) ഡെപ്യൂട്ടി കളക്ടർ(വിജിലൻസ്), ഉത്തര/ദക്ഷിണ/മധ്യ മേഖലകൾ.
6) ഐ.ടി.സെൽ /ലാൻഡ് ബാങ്ക് (വെബ് -പ്രസിദ്ധീകരണത്തിന്)
7) കരുതൽ ഫയൽ - എൽ.ആർ.കെ2

അംഗീകാരത്തോടെ,

സെക്ഷൻ സൂപ്രണ്ട്.